"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) യിലുൾപ്പെട്ടുത്തിയിട്ടുള്ള പ്രിന്റിംഗ് വർക്കുകൾ 2024-2025 സാമ്പത്തിക വർഷം മാത്രം സർക്കാർ/ സർക്കാർ അംഗീകൃത പ്രിന്റിംഗ് ഏജൻസികൾ/സൊസൈറ്റികൾ/പൊതുമേഖല/സഹകരണ മേഖല പ്രസ്സുകൾ/ തിരുവനന്തപുരം ജില്ല വികലാംഗക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബയന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്/ഇടങ്ങിയവ മുഖേന നിർവഹിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.12/2025/PPAD  തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-
1. 09/05/2024 -ലെ എസ്.പി.ഡി-സി3/216/2022-എസ്.പി.ഡി. നമ്പർ സർക്കുലർ.
2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 26/10/2024 - ലെ DWCD/5378/2024-ICDSA1 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാരിന്റെ അച്ചടിജോലികൾ അച്ചടിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകൾ മുഖേന നിർവ്വഹിക്കണമെന്ന കർശനനിർദ്ദേശം പാലിക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(2) അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യേണ്ടത് മുൻ വർഷം കണ്ടിജൻസിയിൽ ഉൾപ്പെടുത്തി പ്രിന്റ് ചെയ്തിട്ടില്ലാത്തതും ഏറ്റവും അത്യാവശ്യമുള്ള രജിസ്റ്ററുകളും ഫോറങ്ങളും ആണ്. ഓരോ അങ്കണവാടിയുടേയും ആവശ്യകതയ്ക്കനുസരിച്ച് അങ്കണവാടി കണ്ടിജൻസിയിലുൾപ്പെടുത്തി രജിസ്റ്ററുകളും ഫോറങ്ങളും പ്രിന്റ് ചെയ്ത് കൊടുക്കേണ്ടത് അതാത് സി.ഡി.പി.ഒ തലത്തിലാണ്. ഓരോ അങ്കണവാടികളുടെയും ആവശ്യകതയ്ക്കനുസരിച്ച് ഓരോ ഐ.സി.ഡി.എസ് പ്രോജക്ടിലെയും അങ്കണവാടികൾക്കാവശ്യമായ രജിസ്റ്ററുകളുടെയും, ഫോറങ്ങളുടെയും ഇനം, എണ്ണം എന്നിവ വ്യത്യസ്തമായിരിക്കും. പ്രസ്തുത സാഹചര്യത്തിലും ഒരങ്കണവാടിയ്ക്ക് അനുവദനീയമായ തുകയിൽ കണ്ടിജൻസി സാധനങ്ങൾ വാങ്ങിയ ശേഷമുള്ള തുകയ്ക്കാണ് അത്യാവശ്യമുള്ള ഫോമുകളും രജിസ്റ്ററുകളും പ്രിന്റ് ചെയ്യുന്നത് എന്നതിനാലും, ഗവ. പ്രസ്സ് വഴി പ്രിന്റ് ചെയ്യുന്നതിലെ പ്രോഗ്രാം ഓഫീസർമാർ/ശിശു വികസന ഓഫീസർമാർ എന്നിവർ അറിയിച്ചിട്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) യിലുൾപ്പെടുത്തിയിട്ടുള്ള പ്രിന്റിംഗ് വർക്കുകൾ സർക്കാർ/സർക്കാർ അംഗീകൃത പ്രിന്റിംഗ് ഏജൻസികൾ /സൊസൈറ്റികൾ/പൊതുമേഖല/സഹകരണ മേഖല പ്രസ്സുകൾ/ തിരുവനന്തപുരം ജില്ല വികലാംഗക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബയന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ്

സൊസൈറ്റി ലിമിറ്റഡ്/തുടങ്ങിയവ മുഖേന നിർവഹിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. *സർക്കാർ പ്രസ്സിലൂടെ പ്രിന്റിംഗ് നിർവഹിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് ഭരണവകുപ്പ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും ഈ വിഷയവുമായി ബന്ധപ്പെട്ട കേസ് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിലും അങ്കണവാടി കണ്ടിജൻസിയിലുൾപ്പെടുത്തിയിട്ടുള്ള (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് ) പ്രിൻ്റിംഗ് വർക്കുകൾ **2024 - 2025** സാമ്പത്തിക വർഷം മാത്രം സർക്കാർ / സർക്കാർ അംഗീകൃത പ്രിൻ്റിംഗ് ഏജൻസികൾ / സൊസൈറ്റികൾ / പൊതുമേഖല / സഹകരണ പ്രസ്സുകൾ / തിരുവനന്തപുരം ജില്ല വികലാംഗക്ഷേമ പ്രിൻ്റിംഗ് ആൻ്റ് ബുക്ക് ബയന്റിംഗ് ഇൻഡസ്ട്രിയൽ കോ - ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് / തുടങ്ങിയവ മുഖാന്തിരം കേരള ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം , **Appendix 4. Item No.42** ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിർവഹിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.*

*അടുത്ത സാമ്പത്തിക വർഷം ഓരോ ഐ.സി.ഡി.എസ് പ്രോജക്ടിലെയും കണ്ടിജൻസിയിലുൾപ്പെടുത്തിയിട്ടുള്ള ( അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ്) പ്രിൻ്റിംഗ് വർക്കുകളുടെ ആവശ്യകത ജില്ലാ തലത്തിൽ പരിശോധിച്ച് ആയത് വകുപ്പ് തലത്തിൽ ക്രോഡീകരിച്ച് കേന്ദ്രീകൃതമായി തയ്യാറാക്കി കേരള ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം **.Appendix 4. Item No.42** ലെ വ്യവസ്ഥകളും **09.05.2024** തീയതിയിലെ **SPD-** സി **3 / 216 / 2022- SPD** നം . സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങളും കർശനമായി പാലിച്ചുകൊണ്ട് മാത്രം നിർവഹിക്കേണ്ടതാണ്.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABIN JOSE
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) ) കേരളം, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (vide UO Note No. 2987523/ WCD-1/2025-Fin dated 21/03/2025)

5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ&പി.ആർ.ഡി.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ